# കാര്യ കാരണ ബന്ധം

ഫൈസൽ മുസ്‌ലിയാർ പുതുപ്പറമ്പ്

എല്ലാ സഹായതേട്ടവും ഒരുപോലെയല്ലെന്ന് എല്ലാവരും അംഗീകരിക്കുന്നു. എങ്കിൽ സഹായ ർത്ഥനകൾ തമ്മിൽ വേർതിരിയുന്നത് എവിടെയാണ്? അത് വ്യക്തമാക്കാനായി നാം പ്രയോഗിച്ച സാങ്കേതിക പ്രയോഗങ്ങളാണ് ഭൗതികം, അഭൗതികം, ദൃശ്യം, അദൃശ്യം, സാധാരണ സഹായം, അസാധാരണ സഹായം, കാര്യകാരണ ബന്ധങ്ങൾക്കധീനം, കാര്യ കാരണ ബന്ധങ്ങൾക്കതീതം എന്നിവ.

അപ്പോൾ എന്താണ് കാര്യ കാരണ ബന്ധം...?

ഈ ലോകത്ത് ഏതൊരു കാര്യം നടക്കാനും അല്ലാഹു ഒരു കാരണം നിശ്ചയിച്ചിട്ടുണ്ട്. ഉദാ: വിശപ്പ് മാറുക എന്ന കാര്യം നടക്കണമെങ്കിൽ ഭക്ഷണം കഴിക്കുക എന്ന കാരണവുമായി ബന്ധപ്പെടണം. സന്താനം ലഭിക്കാൻ വിവാഹം കഴിക്കണം. ഈ കാരണങ്ങളുമായി ബന്ധപ്പെടാതെ ഒരാൾ അല്ലാഹുവിനോട് പ്രാർത്ഥിച്ചാൽ അത് റബ്ബിനെ പരിഹസിക്കലാണ്. ഉദാ: വിവാഹം കഴിക്കാതെ സന്താനത്തിന് വേണ്ടി പ്രാർത്ഥിക്കുക, ഭക്ഷണം ലഭിച്ചിട്ടും കഴിക്കാതെ വിശപ്പ് മാറ്റാൻ പ്രാർത്ഥിക്കുക.

യഥാർത്ഥത്തിൽ ഈ കാരണങ്ങളുമായി ബന്ധപ്പെടാതെ തന്നെ അടിമയുടെ ആവശ്യം നിറവേറ്റിക്കൊടുക്കാൻ റബ്ബിന് സാധിക്കും. (അങ്ങനെയാണല്ലോ മുഅ്ജിസത്തുകൾ പ്രവാചകൻമാരിലൂടെ അല്ലാഹു വെളിവാക്കുന്നത്.) പക്ഷെ, ഇഹലോകത്ത് കാര്യ കാരണ ങ്ങളുമായി ബന്ധപ്പെടണമെന്നാണ് റബ്ബിന്റെ നിശ്ചയം. എന്നാൽ വിശ്വാസിക്ക് അല്ലാഹു അനുവദിച്ച കാരണങ്ങളുമായി ബന്ധപ്പെടാനേ അനുവാദമുള്ളൂ.

കാര്യകാരണ ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് ലോകം മുഴുവൻ കറങ്ങുന്നത്. ഈ കാര്യകാരണ ബന്ധം അവസാനിക്കുന്നിടത്ത് നിന്നാണ് ആരാധന ആരംഭിക്കുന്നത്. കാര്യ കാരണബന്ധങ്ങൾക്കതീതമായി എന്തെങ്കിലും കാര്യം ചെയ്യാൻ വല്ല സൃഷ്ടിക്കും സാധിക്കും എന്ന വിശ്വാസത്തിൽ നിന്നാണ് ആരാധനയുടെ ഉത്ഭവം.

‘‘അഭൗതികമായ മാർഗ്ഗത്തിൽ, അഥവാ കാര്യകാരണ ബന്ധത്തിന് അതീതമായി ഗുണവും ദോഷവും വരുത്താൻ ഒരു വ്യക്തിക്ക് കഴിവ് ഉണ്ടെന്ന വിശ്വാസമാണ് ഇബാദത്തിന്റെ ഉറവിടം’’ (കെ.കുഞ്ഞീതു മദനി–ഇസ്‌ലാമിന്റെ ജീവൻ:പേജ്:12)

‘‘എന്നാൽ അഭൗതികമായ മാർഗ്ഗത്തിൽ ഗുണവും ദോഷവും വരുത്താനുള്ള കഴിവ് ലോ കരക്ഷിതാവായ അല്ലാഹുവിന്ന് മാത്രമേയുള്ളൂ, അവന്റെ പടപ്പുകളിലൊരാൾക്കും ആ കഴിവില്ല.’’ (കെ.കുഞ്ഞീതു മദനി–ഇസ്‌ലാമിന്റെ ജീവൻ:പേജ്:12)

‘‘കാര്യകാരണ ബന്ധങ്ങൾക്കതീതമായ രീതിയിൽ മനുഷ്യ ജീവിതത്തിലിടപെടാൻ സാധിക്കുന്ന ഒരേയൊരു ശക്തി പ്രപഞ്ചാതീതനായ ജഗന്നിയന്താവ് മാത്രമാണെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. കാര്യകാരണങ്ങൾക്കപ്പുറമുള്ള ഉപകാരങ്ങൾ തേടിയും ഉപദ്രവങ്ങൾ തടയാനാവശ്യപ്പെട്ടും മനുഷ്യർ നടത്തുന്ന സഹായാർത്ഥനകൾക്കാണല്ലോ പ്രാർത്ഥന എന്നു

പറയുന്നത്'' (സമ്മേളന ദഅ്‌വാ വിഭാഗം പുറത്തിറക്കിയ 'നവോത്ഥാനത്തിന്റെ ഒരു നൂറ്റാണ്ട്' എന്ന ലഘുപുസ്തകം, പേജ്: 5)

ഇങ്ങനെ കാര്യകാരണ ബന്ധത്തിനതീതമായതിനെയാണ് അഭൗതികം എന്ന പദപ്രയോഗം കൊണ്ട് നാം അർത്ഥമാക്കിയത്.

**എപ്പോഴാണ് ഒരു വിളി പ്രാർത്ഥനയാകുന്നത്?**

അഭൗതികമായ മാർഗത്തിൽ അഥവാ കാര്യകാരണ ബന്ധങ്ങൾക്കതീതമായി ഒരു ഗുണ ലബ്ധിയോ, ദുരിത മോചനമോ നേടാനുള്ള അർത്ഥനയാണ് പ്രാർത്ഥന.

''അപകടത്തിൽ പെട്ടു പോകുന്ന മനുഷ്യൻ ഭൗതിക മാർഗത്തിലും അഭൗതികമായ മാർഗത്തിലും സഹായം തേടാറുണ്ട്. ഇഴഞ്ഞ് നീങ്ങിയ കുഞ്ഞ്മോൻ ആൾ മറ ഇല്ലാത്ത കിണറ്റിന്റെ അടുത്തെത്തിയിരിക്കുന്നു. അടുക്കള ജനലിലൂടെ രംഗം കണ്ട ഉമ്മ 'മുജീബേ കുട്ടി' എന്ന് അലമുറ കൂട്ടുന്നു. (ജ്യേഷ്ടൻ മുജീബ് വസ്ത്രം അലക്കുകയാണ്). അതു കേട്ട് ഉമ്മാമ 'പടച്ചവനേ ഇന്റ കുട്ടി' എന്ന് അലമുറ ഇട്ട് നിലവിളിക്കുന്നു. ഇവിടെ ഒന്നാമത്തെ സഹായാർത്ഥന മുജീബ് തന്റെ ഭൗതികമായ കാതുകൾ കൊണ്ട് കേട്ട്, കണ്ണുകൾ കൊണ്ട് കണ്ട്, കാലുകൾ കൊണ്ട് ഓടി ചെന്ന്, കൈകൾ കൊണ്ട് കുട്ടിയെ പിടിച്ചു രക്ഷിക്കാനുള്ളതാണ്. തന്നിമിത്തം അതൊരു പ്രാർത്ഥനയല്ല. എന്നാൽ രണ്ടാമത്തേത് അല്ലാഹുവിനോടുള്ള പ്രാർത്ഥനയും അവനുള്ള ഇബാദത്തുമാണ്.'' (കെ. കുഞ്ഞീതു മദനി–ഇസ്‌ലാമിന്റെ ജീവൻ:പേജ്:14)

ഒരു നൂറ്റാണ്ട് കാലമായി നാം സമൂഹത്തെ പഠിപ്പിച്ച ആദർശം ഇതാണ്.

(ഇൻശാ അല്ലാഹ്, തുടരും...)